**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3361** **14-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് **സമഗ്ര പച്ചക്കറി വികസന പദ്ധതി.** പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷം 6220 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കി വരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും സാധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു.<br><br>വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനും ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പ്രത്യേകമായും ധനസഹായം നൽകി വരുന്നു.<br><br>പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പു വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ; | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി യിലൂടെ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**<u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം</u>**<br><br>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന |

തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായി പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ച വരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നതിന് ലക്ഷ്യമിടുന്നു. സബ്സ്ഡി നൽകുന്നതിന് ലക്ഷ്യമിടുന്നു.

**<u>സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി</u>**

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു.

**<u>വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി</u>**

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറെന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു.

**<u>പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം</u>**

| | | | |
|---|---|---|---|
| | | | വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br><br>പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു.<br><br>പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | കൃഷി വകുപ്പിന്റെ ഇടപെടലിലൂടെ പച്ചക്കറി കൃഷിയിൽ മുൻ വർഷങ്ങളെക്കാൾ പുരോഗതിയുണ്ടാക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി വിജകരമായി നടപ്പിലാക്കിയതിലൂടെ പച്ചക്കറി കൃഷിയിൽ പുരോഗതി ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു. 2018-19 ആയപ്പോഴേക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.08 ലക്ഷം ഹെക്ടർ ആയി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുയും, ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | കൃഷി വകുപ്പ് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും, ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഓഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് "**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**".<br><br>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപ വിലവരുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ച കൊണ്ടാണ് "**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**" നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ